കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/2438/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 12/11/18

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

എടയൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : എടയൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1).ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2).പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3).അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
4).കാര്യാലയ പകർപ്പ്.

എബികെ 11/18

നം. കെ.എസ്.എ.എം.പി.എം.13/2438/2018 തിയ്യതി: 12/11/2018

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.7.2017 മുതൽ 24.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീ.ഷാജഹാൻ.എ.എസ് , ഡപ്യൂട്ടി ഡയറക്ടർ

------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25.09.2018 മുതൽ 9.10.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.സി.പി. അബ്ദുൽ സത്താർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഇ. മൂസ്സ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജഹാൻ ഖുറൈഷി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ഷജീർ. കെ. | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.കെ.കെ.രാജീവ്. | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.പി. വിനോദ് കുമാർ | 01.04.2017 മുതൽ 31-3-2018 വരെ |

മറ്റ് നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| | | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. പി. ശ്രീദേവി. | 01.04.2017 മുതൽ 23.06.2017 വരെ |
| | ശ്രീ.സുധീഷ് ബാബു. ആർ സി. | 24.06.2017 മുതൽ 31.3.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.സമിത.വി. | 1-4-2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.മിഥുൻ ഒ.വി. | 01.04.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.അലി. എം. പി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.എം. അസൈനാർ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ഉഷ. എം. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഹൈദർ അലി. | 01.04.2017 മുതൽ 31.3.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കാർത്യായനി.കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ശ്രീലേഖ. പി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അയ്യൂബ്. | 01.04.2017 മുതൽ 26.08.2017 വരെ |
| | ശ്രീ. കൃഷ്ണകുമാർ. ടി. | 27.8.2017 മുതൽ 31.12.2017 വരെ |

| | | |
|---|---|---|
| | | |
| | ശ്രീ. അബ്ദുൽ മഹ്റൂഫ്. എച്ച്. പി. | 01.01.2018 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. ഷബീർ.എം.പി. | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |

| | | | |
|---|---|---|---|
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | വസ്തുനികുതി കുറഞ്ഞ നിരക്ക് ഈടാക്കി | 2-1 | |
| 14 | വസ്തു നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല. | 2-2 | |
| 15 | ലൈസൻസ്- അപാകതകൾ | 2-3 | |
| 16 | ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല | 2-4 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങ2-ൾ | | | |
| 17 | മരുന്ന് ലഭ്യമായിട്ടില്ല. | 3-1 | |
| 18 | വിദ്യാഭ്യാസ പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകതകൾ | 3-2 | |
| 19 | MGNREGS മുഖേനയുള്ള അംഗൻവാടി നിർമ്മാണം - തുക നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചില്ല. | 3-3 | |
| 20 | അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-4 | |
| 21 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം | 3-5 | |
| 22 | എടയൂർ PHC സബ്സെന്ററിൽ പൊതു ടോയ് ലറ്റ് - ഉപയോഗയോഗ്യമാക്കിയില്ല | 3-6 | |
| 23 | പ്രതീക്ഷ ഡെ കെയർ സെന്ററിൽ കളിസ്ഥലം നിർമ്മാണം - അപാകതകൾ | 3-7 | |
| 24 | ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമായില്ല | 3-8 | |
| 25 | തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ | 3-9 | |
| 26 | രസീതി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-10 | |
| 27 | ആശ്രയ പദ്ധതി, കുടുംബശ്രീ എന്നിവയുടെ പ്രവർത്തനത്തിലെ അപാകതകൾ | 3-11 | |

| | | | |
|---|---|---|---|
| 28 | ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന ക്രമം പാലിച്ചിട്ടില്ല. | 3-12 | |
| 29 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ നിരക്കിൽ നൽകിയില്ല | 3-13 | |
| 30 | ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് | 3-14 | |
| 31 | ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-15 | |
| 32 | രശീതികൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 3-16 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ബജറ്റ് പുതുക്കിയ തീയ്യതി |
|---|---|
| 27.3.2017 (തീരുമാനം നം-1(1)) | - |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31-07-2018 | 14-05-2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 5-6-2018 & 6-6-2018 | കെ.എസ്.എ.എം.പി.എം.13/1273/18/03-08-2018 |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,76,97,219 |
| വരവ് | 6,35,11,000 |
| ആകെ | 8,12,08,219 |
| ചെലവ് | 7,51,82,005 |
| നീക്കിബാക്കി | 60,26,214 |

## 1-5 ഫണ്ട് വിനിയോഗം

58,26,440

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| വികസനഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | 0 | 1,59,49,000 | 1,59,49,000 | 1,44,25,133 | 15,23,867 |
| വികസനഫണ്ട് എസ്.സി.പി. | 0 | 58,26,440 | 58,26,440 | 58,11,886 | 14,554 |
| വികസനഫണ്ട് ടി.എസ്.പി. (ACR പ്രകാരം) | 0 | 5,998 | 5,998 | 5,998 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 61,66,000 | 61,66,000 | 61,27,523 | 38,477 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് (ACR പ്രകാരം) | 0 | 38,97,048 | 38,97,048 | 35,35,211 | 3,61,837 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 74,90,804 | 74,90,804 | 58,43,347 | 1647457 |
| KLSGDP (ACR പ്രകാരം) | 0 | 12,14,518 | 12,14,518 | 12,14,518 | |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | 38,526 | 1,00,03,160 | 1,00,41,686 | 1,00,21,774 | 19,912 |
| തനത് ഫണ്ട് (ബാങ്ക്) | 2998373 | 100700215 | 13698588 | 9693795 | 4004793 |
| ജോയിന്റ് വെഞ്ച്വർ (ബ്ലോക്ക് പഞ്ചായത്ത്) | 422450 | 1723710 | 2146160 | 1373710 | 772450 |

| | | | | | |
|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ (ജില്ലാ പഞ്ചായത്ത്) | 0 | 250000 | 250000 | 210000 | 40000 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 13185602 | 1,11,43,156 | 2,43,28,758 | 97,67,916 | 1375240 |
| KGB എടയൂർ TSC | 1211706 | 1983850 | 3195556 | 0 | 3195556 |
| ബി ഫണ്ട് | -- | 4,37,60,740 | 4,37,60,740 | 4,37,60,740 | -- |
| കറന്റ് അക്കൗണ്ട് (SMGB – TSP) | 44,530 | 83601 | 128131 | 79,990 | 48,141 |
| ദുരിതാശ്വാസ നിധി | 7085 | 322 | 7407 | 0 | 7407 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 266 | 192 | 50 | 24 | 72 |

## 1-7 തൊഴിലുറപ്പ് പദ്ധതി അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 38,526 | 9,33,292 | 9,71,818 | 9,51,906 | 19,912 |
| EFMS വഴി നൽകിയത് | - | 90,69,868 | 90,69,868 | 90,69,868 | - |

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകൾ

| ക്രമ | പദ്ധതി | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|---|

| നം. | | തുക | എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 23,28,800 | 220 |
| 2 | തൊഴിൽ രഹിത വേതനം | 27,240 | 49 |
| 3 | വിധവാ പെൻഷൻ | 1,36,94,100 | 1134 |
| 4 | വികലാംഗ പെൻഷൻ | 36,02,800 | 295 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,80,600 | 32 |
| 6 | വാർദ്ധക്യകാല പെൻഷൻ | 2,31,63,800 | 1876 |
| 7 | സാധുക്കളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 5,40,000 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-09-2018ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8,903രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ , പരസ്യ നികുതി ഉൾപ്പെടെയുള്ളവ , കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.
2) വസ്തുനികുതി ഉൾപ്പെടെയുള്ള നികുതി നികുതിയേതര തനത് വരുമാനങ്ങളുടെ ഡിമാന്റ് കൃത്യമായി നിരീക്ഷിക്കുന്നില്ല.

3)പല സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

4) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.
5) മാസ്റ്റർ ഇംക്യുബൻസി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല.

6)സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് നമ്പർ, വൗച്ചർ വിവരങ്ങൾ, വാങ്ങലുകളുടെ തീയതി, സാധനങ്ങൾ കൈപ്പറ്റിയവരുടെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

7)ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന ഔദ്യോഗിക ഫോറങ്ങളും രജിസ്റ്ററുകളും സ്റ്റോക്കിലെടുത്തതിന്റെ വിവരം വൗച്ചറിൽ രേഖപ്പെടുത്തുന്നില്ല. സ്ഥാപനവുമായുള്ള മുൻകൂർ/ ബാക്കി ഇടപാടുകളുടെ കൃത്യമായ വിവരവും സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിൽ നിന്നും തുക കൈപ്പറ്റിയതിന് നിയമാനുസൃത രശീതിയും ലഭ്യമാക്കുന്നില്ല.
8)കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്റ്റോക്കിലെടുത്തതിന്റെ വിവരം വൗച്ചറിൽ രേഖപ്പെടുത്തുന്നുമില്ല.

9)സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടേയും കെട്ടിടങ്ങളുടേയും വ്യക്തമായ വിവരവും മറ്റു വാല്യുബൾസിന്റേയും വിവരം ലഭ്യമല്ല.

10) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.
11) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്റ്റ് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.
12)പഞ്ചായത്തിന്റെ വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപാരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

13) ഫയലിൽ കുറിപ്പുകളെഴുതുന്നതും, വൗച്ചറുകളും സബ്‌വൗച്ചറുകളും സൂക്ഷിക്കുന്നതിലും കുറച്ചു കൂടി ശ്രദ്ധ ചെലുത്തേണ്ടതാണ്.
14) ഓഫീസ് കോമ്പൗണ്ടിലും ഓഫീസിനകത്തും, വിട്ടു കിട്ടിയ സ്ഥാപനങ്ങളിലുമടക്കം വെറുതെ കിടക്കുന്ന ഫർണിച്ചർ, പാഴ്‌വസ്തുക്കൾ, മറ്റു വസ്തുക്കൾ എന്നിവ പുനരുപയോഗിക്കുകയോ കൈയൊഴിയുകയോ ചെയ്യേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 23-07-2018 | ജൂൺ 2018 | 23-07-2018 | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. 2016-17 വാർഷികക്കണക്കിലെ ബാലൻസ് ഷീറ്റ് (B-15) പ്രകാരം വാസഗൃഹങ്ങളുടെ

വസ്തുനികുതി ഇനത്തിൽ തൻവർഷം 5,47,617.40 രൂപയും, കുടിശ്ശിക ഇനത്തിൽ (-)4,90,964 രൂപയുമാണ് (ആകെ - 56,653.40 രൂപ) പിരിച്ചെടുക്കാനവശേഷിക്കുന്നത്. എന്നാൽ, 2017-18 വാർഷികക്കണക്ക് (RP-43) പ്രകാരം 8,23,841

രൂപ പിരിച്ചെടുത്തിട്ടുണ്ട്.

2. 2016-17 വാർഷികക്കണക്കിലെ ബാലൻസ് ഷീറ്റ് (B-15) പ്രകാരം വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ തൻവർഷം 6,56,659 രൂപയും, കുടിശ്ശിക ഇനത്തിൽ (-)3,66,394 രൂപയുമാണ് (ആകെ - 2,90,265 രൂപ) പിരിച്ചെടുക്കാനവശേഷിക്കുന്നത്. എന്നാൽ, 2017-18 വാർഷികക്കണക്ക് (RP-43) പ്രകാരം 7,53,456 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

3. 2017-18വർഷം വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിലെ ഡിമാൻഡ്, വാർഷികക്കണക്ക് പ്രകാരം 21,48,821 രൂപയും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 1,24,072 രൂപയുമാണ്.

4. വാർഷികക്കണക്കിലെ വസ്തുനികുതി മുൻകൂർ ഇനത്തിൽ B-9, RP-36 എന്നിവയിൽ നൽകിയ താഴെപ്പറയുന്ന തുകകൾ പൊരുത്തപ്പെടുന്നില്ല

| ഇനം | B-9 | RP- 36 |
|---|---|---|
| വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി | 73,578 | 35,402 |
| വാസഗൃഹങ്ങളുടെ വസ്തുനികുതി | 1,17,529 | 56527 |

5. പെർമിറ്റ് ഫീസ് ഫോർ റണ്ണിംഗ് മെഷീൻ പ്രകാരമുള്ള വരവ് വാർഷികക്കണക്ക് പ്രകാരം 20,630 രൂപയും, റജിസ്റ്റർ പ്രകാരം 34,030 രൂപയുമാണ്.

6. RP-4 പ്രകാരമുള്ള വരവിനങ്ങളിൽ Belated Fee,Permit fee for construction of building, Permit fee for installation of machinery, Permit fee for running of machinery എന്നിവ ഒഴികെയുള്ള വയുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

7. AFS പ്രകാരം(I-6) Pension for unmarried women above 50 years 275000 ആണ്. എന്നാൽ സേവന സോഫ്റ്റ്‌വെയർ പ്രകാരം 380600 ആണ് ചെലവ് (വ്യത്യാസം 105600 രൂപ അവസാന ഗഡു വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ്).

8. ICDS സൂപ്പർവൈസർ നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് പദ്ധതിക്കായി വികസന ഫണ്ട്(ജനറൽ) ൽ നിന്നും 10,05,000 രൂപ പിൻവലിച്ചതിൽ 1,20,200 രൂപ22-02-2018 ന് ചലാൻ മുഖേനെ തിരിച്ചടവാക്കിയിട്ടുണ്ട്. തിരിച്ചടച്ച തുക കുറവ് ചെയ്യാതെയാണ് വാർഷികക്കണക്ക് തയ്യാറാക്കിയിട്ടുള്ളത്.

9. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയിട്ടില്ല.

10. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. സ്റ്റോക്ക് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

11. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു മുമ്പ് ആർജ്ജിച്ച സ്ഥാവര ജംഗമ ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

13. Capital Work in Progress ഇനത്തിൽ (RP-40) കാണിച്ച 61,2,512 രൂപ അതാത് ആസ്തികളിലേക്ക് മാറ്റിയിട്ടുണ്ട്. ഇത് കണക്കാക്കുന്നത് സംബന്ധിച്ച വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല.

14. Income & expenditure schedule I-18ൽ prior period income 5,33,105 രൂപ, prior period establishment expenditure 1,13,481 രൂപ എന്നിവ write off ചെയ്തിട്ടുണ്ട്. ആയതിൻെറ ആധികാരികത വ്യക്തമല്ല.

15. 2016-17 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

16. അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, കീ റേഷ്യോസ്, എന്നിവ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

18.മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഇനത്തിലെ യഥാർത്ഥ ചെലവ് 9932451 (ബ്ലോക്കിലെ സ്റ്റേറ്റ്മെന്റ് പ്രകാരം) രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം തുക 10021774 രൂപയാണ്.
19. വഴി അംഗനവാടി നിർമ്മാണത്തിനായി 20 ലക്ഷം രൂപ മിഷൻ ഡയറക്ടർക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും, ടി ഡെപ്പോസിറ്റ് വിവരം വാർഷിക കണക്കിൽ കാണിച്ചിട്ടില്ല. (ഖണ്ഡിക 3-3 കൂടി കാണുക).

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി കുറഞ്ഞ നിരക്ക് ഈടാക്കി

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ഒന്നിലധികം കെട്ടിടനമ്പറുകൾ അനുവദിക്കുകയും അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി തക്കതായ കാരണം കൂടാതെ 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അനുവദിച്ച നം | കെട്ടിട ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക് / ച.മീ. | ഈടാക്കേണ്ട നിരക്ക്/ ച.മീ. |
|---|---|---|---|---|
| 19/77 (A tol) | സൈതലവി മുളഞ്ഞിപ്പുലാക്കൽ | 137 | 30 | 50 |
| 19/150 (A to E) | ഫൈസൽ വടക്കേ പീടിയേക്കൽ | 101 | 30 | 50 |
| 19/483 (A to H) | മുഹമ്മദ് വലിയ പീടിയേക്കൽ | 328 | 30 | 50 |
| XI 84 (Ato C) | മുഹമ്മദ് മച്ചിഞ്ചേരി തുമ്പിൽ | 132 | 30 | 50 |

| | | | | |
|---|---|---|---|---|
| IX 197 (Ato C) | ഗിരിജ പുളിക്കൽ പുത്തൻ വീട്ടിൽ | 514 | 30 | 50 |
| IX197(AtoC) | മുഹമ്മദ് വലിയ പറമ്പിൽ | 280 | 30 | 50 |
| V 204 (A to G) | കമ്മു&മറിയ കിഴക്കേതൊടിയിൽ | 201.33 | 30 | 50 |

നികുതി ഇളവ് അർഹിക്കുന്ന തക്കതായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ ചട്ടം നിലവിൽ വന്നതിന് ശേഷം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. നികുതി നിർണ്ണയത്തിലുള്ള അപാകതക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 9 /4.10.2018) സെക്രട്ടറി നൽകിയ മറുപടിയിൽ വ്യക്തമായി മുറികൾ തിരിച്ച് നിർമിച്ചിരിക്കുന്നതായി കാണുന്നവയ്ക്ക് പ്രത്യേകം നമ്പർ നൽകുകയും, അതിന്റെ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തുകയുമാണ് ചെയ്തതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ, കുറഞ്ഞ നിരക്ക് ചുമത്തിയ മുറികൾ, ഒന്നിച്ച് ചേർത്ത് തറവിസ്തീർണം വർദ്ധിപ്പിക്കുമ്പോൾ ഉയർന്ന നിരക്ക് ചുമത്തേണ്ടതാണ്.

## 2-2 വസ്തു നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം നാളിതുവരെ പൂർത്തിയായിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടേയും വിവരം ശേഖരിച്ച് ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ കൃത്യമല്ല. അപാകതകൾ പരിഹരിക്കുന്നതിനുള്ള പ്യൂരിഫിക്കേഷൻ നടപടികൾ സ്വീകരിച്ച് വരുന്നു.
നികുതി പരിഷ്കരണം പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ലൈസൻസ്- അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കാൻ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ തയ്യാറാക്കിയിട്ടില്ല. മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ യാതൊരു നടപടിയും സ്വീകരിക്കാതെ അപേക്ഷ നൽകുന്നവർക്ക് മാത്രം ലൈസൻസ് അനുവദിക്കുന്ന രീതിയാണ് ഇപ്പോഴും തുടരുന്നത്.
സ്ഥാപന രജിസ്റ്റർ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

ഓഡിറ്റ് വർഷം ഇ – ടെണ്ടർ മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ മരാമത്ത് പ്രവൃത്തികൾക്കും, അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒരു പ്രൊജക്ടിനും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ടുകളുടെ ടെണ്ടർ ഫോം വില നാളിത് വരെയും ഗ്രാമ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. നിലവിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ജില്ലാ പഞ്ചായത്തിലുള്ള അക്കൗണ്ടിലാണ് ടെണ്ടർ ഫോം വില കരാറുകാർ അടവാക്കുന്നത്. ഈ തുക ഗ്രാമ പഞ്ചായത്തിന് ലഭ്യമാവുന്നതിന് ഗ്രാമ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട വരുമാനം നഷ്ടമാവുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2.10.2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഈ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു അക്കൗണ്ട് ആരംഭിക്കുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുള്ളതാണ്. ഭാവിയിൽ ഗ്രാമ പഞ്ചായത്തിലെ ഈ ടെണ്ടർ മുഖേനയുള്ള പ്രൊജക്ടുകളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ മാത്രം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇ – ടെണ്ടർ മുഖേന നടപ്പിലാക്കിയ ഏതാനും പ്രൊജക്ടുകളും അവയുടെ ടെണ്ടർ ഫോം വിലയും ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അടങ്കൽ | ലഭ്യമായ ടെണ്ടറുകൾ | ടെണ്ടർഫോം വില | ആകെ |
|---|---|---|---|---|
| പെരുമ്പറമ്പ് - കുന്നംപുറം ബദരിയ്യ പള്ളി റോഡ് കോൺക്രീറ്റ് (208/18) | 400000 | 2 | 800 | 1600 |
| IRS ക്വാറി റോഡ് കുടിവെള്ള പദ്ധതി നവീകരണം (246/18) | 400000 | 2 | 800 | 1600 |
| PHC കെട്ടിട നവീകരണം (275/18) | 600000 | 2 | 1200 | 2400 |
| എസ്.സി വിദ്യാർത്ഥിനികൾക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ (49/18) | 1581000 | 7 | 500 | 3500 |
| ആകെ | | | | 9100 |

തുക പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരുന്ന് ലഭ്യമായിട്ടില്ല.

1.മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ ' എന്ന പദ്ധതി (33/2017-18)പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്ന് 300,000 രൂപ പിൻവലിച്ച് (ബിൽ നം- 6 /12.12.2017) കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി അറിയിക്കുന്നത് വരെ ചെലവ് തുക 300,000 രൂപ തടസ്സം ചെയ്യുന്നു.

2.മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ "പാലിയേറ്റീവ് പരിചരണം" എന്ന പദ്ധതി (31/2017-18)യുടെ ഭാഗമായി പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായ രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിന് 3,39,900 രൂപ (ബിൽ നം- 5 /12.12.2017) കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി അറിയിക്കുന്നത് വരെ ചെലവ് തുക 3,39,900 രൂപ തടസ്സം ചെയ്യുന്നു.

മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 6 /4.10.2018)മറുപടി ലഭ്യമാക്കിയിട്ടില്ല.

### 3-2 വിദ്യാഭ്യാസ പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകതകൾ

വിദ്യാഭ്യാസ പ്രോജക്ടുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് ജി.ഒ.(എം.എസ്.) 72/2017/ത.സ്വ.ഭ.വ. തി: 29-3-17 നമ്പരിലുള്ള ഉത്തരവിന്റെ ഖണ്ഡിക 12.9- ൽ വിശദമായി പ്രതിപാദിപ്പിച്ചിട്ടുണ്ട്. ഇതിലെ ഉപഖണ്ഡിക (1) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ' പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് നടത്തുന്ന രീതിയിൽ ആവിഷ്കരിക്കണം. ഉപഖണ്ഡിക (3) പ്രകാരം SSA, RMSA പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം അതിന്റെ പങ്കു വഹിക്കണം.

ഉപഖണ്ഡിക (4) പ്രകാരം വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, പഠനനിലവാരം ഉയർത്തുക , വിദ്യാർഥികളുടെ സർഗശേഷികൾ വികസിപ്പിക്കുക തുടങ്ങിയ പ്രോജക്ടുകൾ SSA, RMSA പരിപാടികളുടെ ആവർത്തനം അല്ലെന്ന് ഉറപ്പു വരുത്തിയ ശേഷമേ തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവൂ.

എന്നാൽ തൻവർഷം വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| നം | പ്രോജക്ട് | ബിൽ | തുക | അപാകതകൾ |
|---|---|---|---|---|
| 1 | 9/18: വടക്കുംപുറം GLPS ന് Desktop, Compuer, UPS | 1/17-18 /22-6-17 | 1,30,500 | കമ്പ്യൂട്ടറും മറ്റുപകരണങ്ങളും വടക്കുംപുറം സ്കൂളിന്റെ സ്റ്റോക്കിലെടുത്ത വിവരം ലഭ്യമല്ല |
| 2 | 24/18:SSA വിഹിതം നൽകൽ | 3/17-18 /5-8-17 | 5,00,000 | 1)സർക്കാർ ഉത്തരവു പ്രകാരം പ്രോജക്ട് തയ്യാറാക്കിയിട്ടില്ല.<br>2) SSA യുടെ രസീതി ഇല്ല.<br>3) വിശദമായ UC ഇല്ല. |
| 3 | 105/18:പട്ടിക ജാതി വിദ്യാർഥികൾക്ക് ഫർണിച്ചർ | 5/17-18 /13-3-18 | 3,77,251 | 1) മുൻവർഷം SC വകുപ്പ്, പഞ്ചായത്ത് എന്നിവയിൽ നിന്ന് ലഭിച്ചോ എന്ന വിവരം ചേർത്തിട്ടില്ല. |

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 MGNREGS മുഖേനയുള്ള അംഗൻവാടി നിർമ്മാണം - തുക നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി 4 അംഗൻവാടികൾ നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ നിരക്കിൽ ആകെ 20 ലക്ഷം രൂപ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് ജില്ലാ ട്രഷറിയിൽ ആരംഭിച്ച 799011400000486 നമ്പർ അക്കൗണ്ടിലേക്ക് 2017 ഒക്ടോബർ, നവമ്പർ മാസങ്ങളിലായി കൈമാറിയിട്ടുണ്ട്. എന്നാൽ തുക നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും അംഗൻവാടി നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ബിൽ | തുക |
|---|---|---|
| പൂവ്വത്തും തറ അംഗൻവാടി നിർമ്മാണം (256/18) | 15/26.10.2017 | 500000 |
| പി.പി പടി അംഗൻവാടി നിർമ്മാണം (257/18) | 16/26.10.2017 | 500000 |
| അധികാരിതൊടി അംഗൻവാടി നിർമ്മാണം (261/18) | 18/28.11.2017 | 500000 |
| ചീനിച്ചോട് അംഗൻവാടി നിർമ്മാണം (262/18) | 14/26.10.2017<br>വൗച്ചർ 21700509/23.10.2017 | 378000<br>122000<br>500000 |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.അംഗൻവാടി നിർമ്മാണത്തിനായി 5 ലക്ഷം രൂപ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നും അധികം വരുന്ന തുകയിൽ 2 ലക്ഷം രൂപ കേന്ദ്ര സർക്കാറിന്റെ ICDS പദ്ധതിയിൽ നിന്നും, ശേഷിക്കുന്ന തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും വഹിക്കാനാണ് ഇത് സംബന്ധിച്ച GO(Rt) 223/2017 ത.സ്വ.ഭ.വ തീയ്യതി 27.1.2017 നമ്പർ സർക്കാർ ഉത്തരവ് MGNEGSSA/2015/REGS നമ്പർ കത്ത് എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം ICDS പദ്ധതിയിൽ നിന്നുള്ള വിഹിതം ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. അംഗൻവാടി നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നത് ജൂലൈ 2018 ൽ മാത്രമാണ്.

സാങ്കേതികാനുമതി ലഭിക്കുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്ത് വിഹിതം കണക്കാക്കിയത് എങ്ങിനെ എന്നും വിശദീകരിക്കേണ്ടതാണ്. സാങ്കേതികാനുമതി ലഭിക്കുന്നതിന് 9 മാസം മുമ്പ് തന്നെ മുൻകൂറായി തുക അടവാക്കിയതിന് സർക്കാർ ഉത്തരവുകളോ മറ്റ് നിർദ്ദേശങ്ങളോ ഉള്ളതായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ഈ പദ്ധതിയിൽ ഉൾപെടുത്തിയ 2 അംഗൻവാടികൾ പൊളിച്ച് നിർമ്മാണത്തിനായി സജ്ജമായിരിക്കുകയാണെന്നും താൽകാലിക ഷെഡ്ഡുകളിലാണ് ഇപ്പോൾ അവ പ്രവർത്തിച്ച് വരുന്നതെന്നും മഴക്കാലം ആരംഭിക്കുന്നതിന്ന് മുമ്പായി അംഗൻവാടി നിർമ്മാണം പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണെന്നും ആയതിന് നടപടികൾ സ്വീകരിക്കണമെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 27.1.2018 ൽ MGNREGS ജോയിന്റ് പ്രോഗ്രാം കോ- ഓർഡിനേറ്ററോട് കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ പദ്ധതി നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചത് 22.9.2018 ൽ മാത്രമാണ്. ടെണ്ടർ പരസ്യം പ്രകാരം ടെണ്ടർ തുറക്കുന്ന തീയ്യതി 12.10.2018 ആണ് . ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുമ്പോൾ ഇനിയും താമസം വരുമെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 10/5.10.2018 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതിന് ശേഷമാണ് തുക അടവാക്കിയത് എന്നും പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

എന്നാൽ സാങ്കേതികാനുമതി ലഭിക്കുന്നതിന് മുമ്പ് തുക മുൻകൂറായി നൽകിയത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട് എന്ന മറുപടിയും ശരിയല്ല. ടെണ്ടർ പരസ്യത്തിൽ പറഞ്ഞിരിക്കുന്നത് ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി 12.10.2018 എന്നാണ്. ICDS വിഹിതം ലഭ്യമാക്കാൻ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിച്ചത് സംബന്ധിച്ചും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് പരാമർശങ്ങൾക്ക് വ്യക്തമായ മറുപടിയും അംഗൻവാടി നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളും ഈ റിപ്പോർട്ടിനുള്ള ആദ്യ റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ലഭ്യമാക്കേണ്ടതാണ്.

## 3-4 അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. കൂടാതെ ഉപയോഗിക്കുന്ന രജിസ്റ്ററുകളിൽ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല

2. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. മിക്ക പ്രവൃത്തികളുടെയും ഫയലുകളിൽ കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസ്, പ്രവൃത്തി സ്ഥലം കരാറുകാർക്ക് കൈമാറിയതിന്റെ രേഖ, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഉള്ളടക്കം ചെയ്തിട്ടില്ല. കൂടാതെ ഫയലുകളിൽ ഉള്ളടക്കം ചെയ്ത സെലക്ഷൻ നോട്ടീസ് പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 നിർദ്ദേശിക്കും പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപെടുത്തി തയ്യാറാക്കിയതല്ല.

4. അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. ഫയലുകൾക്ക് വൗച്ചർ നമ്പർ നൽകുന്നില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

അപാകതകൾപരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-5 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 178 പദ്ധതികൾ തയ്യാറാക്കിയതിൽ 128 പ്രവൃത്തികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ

28ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 178 | ആകെ അടങ്കൽ | 35871800 |
| നടപ്പിലാക്കിയത് | 128 | ചെലവ് | 23666608 |
| ശതമാനം | 71.9 | ചെലവ് ശതമാനം | 65.97 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 67 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 19 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച ശേഷിച്ച 111 പ്രൊജക്ടുകളിൽ 31 എണ്ണവും ഈ വർഷം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

i)വികസന സ്റ്റാന്റിങ് കമ്മിറ്റി പ്രവർത്തനം ഫലപ്രദമല്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിങ് കമ്മിറ്റി ഫലപ്രദമായി ഇടപെടുന്നില്ല എന്ന് മിനുട്സ് പരിശോധനയിൽ നിന്ന് വ്യക്തമാവുന്നുണ്ട്.

2017-18 വർഷത്തെ വികസന സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 13 തവണയാണ്. (2016-17 വർഷത്തിൽ ഒരു തവണയും 2017-18 വർഷത്തിൽ 12 തവണയും യോഗം വികസന സ്റ്റാന്റിങ് കമ്മിറ്റി ചേർന്നു). ഇതിൽ 3 യോഗങ്ങളുടെ മിനുട്സ് ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വികസന സ്റ്റാന്റിങ് കമ്മിറ്റി യോഗങ്ങളിൽ പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവയൊന്നും ചർച്ചചെയ്തിട്ടില്ല.

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ , ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടില്ല. വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ കേവല യോഗങ്ങൾ മാത്രമായി അവസാനിച്ചിരിക്കുകയാണ്. പൊതു മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് 9.2.2017, 9.3.2017, 17.5.2017, 23.5.2017 എന്നീ തീയ്യതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. ഒരു യോഗത്തിന്റെ തീയ്യതി രേഖപ്പെടുത്തിയിട്ടുമില്ല. മാത്രമല്ല യോഗത്തിന്റെ മിനുട്സ് ഒന്നുപോലും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. പൊതുവായ ചില നിർദ്ദേശങ്ങൾ ഒഴികെ സ്റ്റാറ്റസ് റിപ്പോർട്ടും മറ്റ് വിവരശേഖരണവും കണക്കിലെടുത്ത് വ്യക്തമായ പ്രൊജക്ട് നിർദ്ദേശങ്ങളൊന്നും തന്നെ വർക്കിങ് ഗ്രൂപ്പ് നൽകിയിട്ടില്ല.

ii)പ്രൊജക്ടുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്നു

9.3.2017 ലെ യോഗത്തിൽ റോഡുകളുടെ എണ്ണം വർദ്ധിപ്പിക്കാതെ അളവ് വർദ്ധിപ്പിക്കണം എന്ന് വർക്കിങ് ഗ്രൂപ്പ് തീരുമാനിച്ചിട്ടുണ്ടെങ്കിലും മേൽ തീരുമാനം പരിഗണിക്കാതെയാണ് ഭൂരിഭാഗം പ്രൊജക്ടുകളും തയ്യാറാക്കയിയിട്ടുള്ളത്. മിക്ക റോഡ് കോൺക്രീറ്റ് പ്രവൃത്തികളും 100 മീറ്ററിലും താഴെയുള്ളവയാണ്. 50 മീറ്ററിൽ താഴെ നീളത്തിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികളും ധാരാളം ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ 1 അസിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറും അടക്കം ആകെ 3 ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വ്രഷത്തിൽ ഉണ്ടായിരുന്നത്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

iii) റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ

ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സ്റ്റാന്റിങ് കമ്മിറ്റി നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.
പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 3-6 എടയൂർ PHC സബ്സെന്ററിൽ പൊതു ടോയ് ലറ്റ് - ഉപയോഗയോഗ്യമാക്കിയില്ല

ബിൽ - 89/28.3.2018 തുക - 125980

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എടയൂർ PHC സബ്സെന്ററിൽ പൊതു ടോയ്‌ലറ്റ് നിർമ്മാണം എന്ന പ്രൊജക്ട് (270/18) പ്രകാരം 125980 രൂപ ചെലവഴിച്ച് ടോയ്‌ലറ്റ് നിർമ്മിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 4.10.2018 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ വെള്ളം ഇല്ലാത്തതിനാൽ ടോയ്‌ലറ്റ് ഉപയോഗിച്ച് തുടങ്ങിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. 28.12.2017 നാണ് പ്രവൃത്തി പൂർത്തിയാക്കി അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി പൂർത്തിയാക്കി 9 മാസം കഴിഞ്ഞിട്ടും വെള്ള സൗകര്യം ഒരുക്കി ടോയ്‌ലറ്റ് ഉപയോഗപ്പെടുത്താനായിട്ടില്ല എന്നത് പദ്ധതി രൂപീകരണത്തിലെ ആസൂത്രണമില്ലായ്മയുടെ വ്യക്തമായ ഉദാഹരണമാണ്.

വിശദീകരണം ആവശ്യപ്പെട്ട് 13/5.10.2018 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - ഈ സ്ഥാപനത്തിൽ കുഴൽ കിണർ ഉണ്ടെന്നും ആയതിൻ നിന്ന് വെള്ളം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം നടത്തുന്നതിന് വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഇതിന്മേൽ സ്വീകരിച്ച തുടർനടപടി വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ലഭ്യമാക്കേണ്ടതാണ്.

## 3-7 പ്രതീക്ഷ ഡെ കെയർ സെന്ററിൽ കളിസ്ഥലം നിർമ്മാണം - അപാകതകൾ

പ്രൊജക്ട് 163/18 തനത് ഫണ്ട് 200000

ചെക്ക് 5805284/31.3.2018 തുക 197707

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം വടക്കുമ്പ്രം GLP സ്കൂളിൽ പ്രവർത്തിക്കുന്ന ഡെകെയർ സെന്ററിൽ വരുന്ന ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് കളിക്കാനായി ഊഞ്ഞാൽ, സീസൊ, സ്ലൈഡർ തുടങ്ങിയവയും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുമായി 197707 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. മേൽ കളിയുപകരണങ്ങൾ സ്ക്കൂളിലെ ഡെ കെയർ സെന്ററിലാണ് സ്ഥാപിച്ചത്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 4.10.2018 ന് നേരിൽ പരിശോധിക്കുകയുണ്ടായി. പ്രസ്തുത സ്കൂളിൽ ഡെകെയർ സെന്റർ പ്രവർത്തിക്കുന്നില്ല എന്ന് തദവസരത്തിൽ മനസ്സിലായി. മാത്രമല്ല ഈ പ്രവൃത്തി ചെയ്യുന്ന സമയത്തും അവിടെ ഡെകെയർ സെന്റർ പ്രവർത്തിച്ചിരുന്നില്ല എന്നും 3 വർഷം മുമ്പ് തന്നെ പ്രസ്തുത കെട്ടിടം 'unfit' ആണെന്ന് റിപ്പോർട്ട് ചെയ്തിരുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിക്കുകയുണ്ടായി.

നിലവിൽ പ്രവൃത്തിക്കാത്ത ഒരു സ്ഥാപനത്തിന് വേണ്ടി ഇത്തരം ഒരു പ്രൊജക്ട് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചതിന് വിശദകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 13/5.10.2018 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - 2016-17 മുതൽ ഡെ കെയർ സെന്റർ ആരംഭിക്കാൻ ഭരണ സമിതി പരിശ്രമിച്ചിരുന്നുവെന്നും പ്രസ്തുത കേന്ദ്രത്തിലേക്ക് ജില്ലാ പഞ്ചായത്തിൽ നിന്ന് ഫർണ്ണീച്ചർ ലഭ്യമാക്കാൻ നടപടികളെടുത്തിരുന്നുവെന്നും , പ്രസ്തുത പരിപാടിക്ക് ഫണ്ട് സ്വരൂപിക്കുന്നതിന് പ്രചോദനമെന്ന നിലയിലാണ് ഈ പ്രൊജക്ട് വെച്ചതെന്നും മറുപടി നൽകി.

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി വാസ്തവ വിരുദ്ധമാണ്. വടക്കുംപുറം ജി.എൽ.പി സ്കൂളിൽ ഡെ കെയർ സെന്റർ പ്രവർത്തിച്ചിരുന്നതാണ്. പ്രസ്തുത കെട്ടിടം അപകടാവസ്ഥയിലായതിനാൽ ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം 'അൺഫിറ്റ് ' സാക്ഷ്യപത്രം നൽകിയതിനെ തുടർന്ന് പ്രവർത്തനം നിർത്തിവെച്ചതാണ്.

പ്രതീക്ഷ ഡെ കെയർ സെന്റർ ആവശ്യത്തിനായി ജില്ലാ പഞ്ചായത്ത് ഒരു വാഹനം ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത വാഹനം ഉണ്ടായിരിക്കെ സ്വകാര്യ വാഹനം ഉപയോഗിച്ച് ഡെ കെയർ സെന്ററിലേക്ക് ഭിന്നശേഷി വിദ്യാർത്ഥികളെ കൊണ്ട് വന്നതിന് വാഹന വാടക നൽകിയത് സംബന്ധിച്ച് 2015-16ഓഡിറ്റ് റിപ്പോർട്ടിൽ ഖ. 3-9 ആയി പരാമർശം ഉൾപ്പെട്ടിട്ടുള്ളതുമാണ്.

2018-19 വർഷത്തിൽ ഡെ കെയർ സെന്ററിന് കെട്ടിടം നിർമ്മിക്കാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടം പണി പൂർത്തിയാക്കി ഡെ കയർ സെന്റർ പ്രവർത്തനം ആരംഭിച്ചതിന്റെയും കളി ഉപകരണങ്ങൾ ഡെ കെയർ സെന്ററിനായി ഉപയോഗപ്പെടുത്തിയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-8 ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമായില്ല

ചെക്ക് 6857323/30.1.2018

വൗച്ചർ 21700725/30.1.2018 തുക 128000

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഫ്രണ്ട് ഓഫീസിലേക്ക് ടച്ച് സ്ക്രീൻ, ഹൈ സ്പീഡ് സ്കാനർ എന്നിവ വാങ്ങൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി (2/18) 128000 രൂപ ചെലവഴിച്ച് ' കെൽട്രോൺ' ൽ നിന്ന് വാങ്ങിച്ച ടച്ച് സ്ക്രീൻ 3.10.2017 ൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് നാളിത് വരെ പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ടച്ച് സ്ക്രീൻ വാങ്ങി ഒരു വർഷം കഴിഞ്ഞിട്ടും ആയത് പ്രവർത്തിപ്പിക്കാൻ കഴിയാത്തത് പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ടച്ച് സ്ക്രീൻ ഉപയോഗ പ്രദമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 8 /4.10.2018 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - ടച്ച് സ്ക്രീൻ ആദ്യഘട്ടത്തിൽ പ്രവൃത്തിച്ചിരുന്നു എന്നും പഞ്ചായത്തിലെ സൂചിക ഉൾപ്പെടെയുള്ള സോഫ്റ്റ്‌വെയറുകളിൽ അപ്ഡേഷൻ വന്നതിനാലും ബാക്ക് ഓഫീസ് ഇൻസ്റ്റലേഷൻ ആവശ്യമായതിനാലും തൽകാലം ഡിസ്കണക്ട് ചെയ്തിരിക്കുകയാണ് എന്നും, സോഫ്റ്റ്‌വെയർ അപ്ഡേഷൻ, ബാക്ക് ഓഫീസ് ഇൻസ്റ്റലേഷൻ എന്നിവ സംബന്ധിച്ച് 9.10.2018 ന് ജീവനക്കാർക്ക് പരിശീലനം നൽകുന്നതാണ് എന്നും തുടർന്ന് ടച്ച് സ്ക്രീൻ പ്രവർത്തിപ്പിച്ച് തുടങ്ങുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

ടച്ച്സ്ക്രീൻ (ഇൻഫർമേഷൻ കിയോസ്ക് ) സ്ഥാപിക്കുന്നത് സംബന്ധിച്ച തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.7.2015 ലെ സ.ഉ (കൈ) നം.241/2015 നമ്പർ ഉത്തരവിൽ കിയോസ്കിന്റെ ഉപയോഗം സംബന്ധിച്ച് ആവശ്യമായ പരിശീലനം കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ പൊതുജനങ്ങൾക്ക് നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം പരിശീലനം നൽകിയതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ജീവനക്കാർക്ക് പരിശീലനം നൽകുന്നതോടൊപ്പം സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പൊതുജനങ്ങൾക്ക് കൂടി പരിശീലനം നൽകിയതിന്റെയും ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമാക്കിയതിന്റെയും വിവരങ്ങൾ ഈ റിപ്പോർട്ടിനുള്ള റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ

പ്രൊജക്ട് - തെരുവ് വിളക്ക് സ്ഥാപിക്കൽ 3/18

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 264100, തനത് ഫണ്ട് - 40000

ബിൽ -17/20.11.2017 തുക 200000

ബിൽ - 31/28.3.2018 തുക 64100

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്ട് (3/18) പ്രകാരം 40Wന്റെ 190 CFL സ്ഥാപിച്ചതിന് അല്ലൂമിന ഇലക്ട്രോണിക്സ് വാളത്തോട്, കക്കാടംപൊയിൽ എന്ന സ്ഥാപനത്തിന് 264100 രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്ക് സ്ഥാപിച്ചതായി KSEB യുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. അല്ലൂമിന ഇലക്ട്രോണിക്സ് എന്ന സ്ഥാപനം സാമ്പിൾ ലഭ്യമാക്കിയതായോ അവർ നൽകാനുദ്ദേശിക്കുന്ന CFL ന്റെ ഗുണ നിലവാരം പരിശോധിച്ചതിന്റെ സാക്ഷ്യപത്രമോ സ്ഥാപനം ഹാജരാക്കിയിട്ടില്ല.

ആവശ്യമായ രേഖകൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 15 /8.10.2018 നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-10 രസീതി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി ചുവടെ കാണും പ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | വൗച്ചർ/ ബിൽ | തുക | സ്ഥാപനം |
|---|---|---|---|
| ഐ.കെ.എം ന് നൽകുന്ന പഞ്ചായത്ത് വിഹിതം (18/18) തനത് ഫണ്ട് - 50000 | 21700282/20.7.2017 | 50000 | ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം |
| പി.എം.എ.വൈ വിഹിതം നൽകൽ (22/18) | ബിൽ 1/31.7.2017 | 160000 | ബ്ലോക്ക് പഞ്ചായത്ത് കുറ്റിപ്പുറം |
| എ.ബി.സി പ്രൊഗ്രാമിന് വിഹിതം നൽകൽ (43/18) | ബിൽ 2/31.7.2017 | 100000 | ലഭ്യമല്ല |
| EMS ഭവന പദ്ധതി വായ്പ തിരിച്ചടവ് (23/18) | ബിൽ 3/31.7.2017 | 384415 | ലഭ്യമല്ല |
| ആകെ | | 6,94,415 | |

രേഖകൾ ആവശ്യപ്പെട്ട് 15 /8.10.2018 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കാത്തതിനാൽ 6,94,415 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-11 ആശ്രയ പദ്ധതി, കുടുംബശ്രീ എന്നിവയുടെ പ്രവർത്തനത്തിലെ അപാകതകൾ

തൻവർഷം ആശ്രയ പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് താഴെപ്പറയുന്ന3 പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | നി.ഉ | ഫണ്ട് വകയിരുത്തിയത് | ചെലവ് |
|---|---|---|---|---|---|
| 1 | 11/18 (SO) | ആശ്രയ തുടർസേവനം | A S | 1,02,800 | ഇല്ല |
| 2 | 12/18(SO) | ആശ്രയ രണ്ടാം ഘട്ടം 2016-17 | A S | 1,09,600 | ഇല്ല |
| 3 | 225/18(New) | ആശ്രയ പദ്ധതി: ഗ്രാ.പ. വിഹിതം | Secretary | 6,42,800 | 4,29,000 |

| | | | | | |
|---|---|---|---|---|---|
| | | നൽകൽ | | | |
| | | ആകെ | | 8,55,200 | 4,29,000 |

ആശ്രയ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെപ്പറയുന്നു.

1) ആശ്രയ ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു.

കുടുംബശ്രീ ആശ്രയ ഫണ്ട് ആവശ്യത്തിനായി താഴേപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾ കനറാ ബാങ്ക് വളാഞ്ചേരി ശാഖയിൽ കൈകാര്യം ചെയ്യുന്നുണ്ട്.

| ക്രമ നം | അക്കൗണ്ട് നം. | അക്കൗണ്ടുടമയുടെ പേര് | 31-3-18ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 0859101049236 | Edayur Grama Panchayath Asraya Programme | 10,75,874 |
| 2 | 0859101057577 | Edayur Garama Panchayath Asraya Phase 2 | 4,353 |
| | TOTAL | | 10,80,227 |

GO(MS) 72/2017/തസ്വഭവ. തി: 29-3-17 പ്രകാരമുള്ള 2017-18 ലെ വാർഷിക പദ്ധതി രൂപീകരണ മാർഗരേഖയുടെ അനുബന്ധം 4 പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളും ആശ്രയ പ്രോജക്ട് തയ്യാറാക്കേണ്ടതുണ്ട്. ഇതിന്റെ ഖണ്ഡിക 3-15 പ്രകാരം ചലഞ്ച് ഫണ്ടായി ലഭിച്ച തുകയുടെ 1% അത്യാവശ്യ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി റിസർവ് ഫണ്ടായി സൂക്ഷിക്കുകയും, മറ്റുള്ള തുക പ്രോജക്ടു തയ്യാറാക്കി ചെലവഴിക്കുകയുമാണ് വേണ്ടത്. ഇതിലെ ഖണ്ഡിക 3-16(3) പ്രകാരം പ്രോജക്ട് പൂർത്തിയാക്കാൻ നിർബന്ധമായും സ്പിൽ ഓവർ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുമുണ്ട്. അതിനാൽത്തന്നെ, ആശ്രയ ഫണ്ടിനത്തിൽ 10,80,227 രൂപ അവശേഷിക്കുന്ന സാഹചര്യം ഒഴിവാക്കി, ടി തുക ആശ്രയ വിഭാഗത്തിന് പൂർണമായും ചെലവഴിക്കാൻ വേണ്ട പ്രോജക്ടുകൾ തയ്യാറാക്കേണ്ടതായിരുന്നു.

2) കുടുംബശ്രീ കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നില്ല.

(എ) കുടുംബശ്രീ വിവിധ ആവശ്യങ്ങൾക്കായി 5 ബാങ്ക് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതായി അക്കൗണ്ടന്റ് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ 2 കാഷ് ബുക്കുകളിലായി 3 അക്കൗണ്ടുകളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീയുടെ മൊത്തം ഇടപാടുകൾ പ്രതിഫലിക്കുന്ന ഒരു മെയിൻ കാഷ് ബുക്ക് പരിപാലിക്കുകയും, വ്യത്യസ്ത ആവശ്യങ്ങൾക്കായി തുടങ്ങിയ അക്കൗണ്ടുകളിലെ തുകകൾ അതാതു ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുകയും, അതിന്റെ കണക്കുകൾ പ്രത്യേകം ആവശ്യമെങ്കിൽ അതിനായി സബ്സിഡിയറി കാഷ് ബുക്ക് തയ്യാറാക്കുകയുമാണ് വേണ്ടത്.

(ബി) കാഷ് ബുക്കിലോ വൗച്ചറിലോ വൗച്ചർ നമ്പർ രേഖപ്പെടുത്തിക്കാണുന്നില്ല. വൗച്ചറുകൾക്ക് നമ്പർ രേഖപ്പെടുത്തുകയും, അവ വൗച്ചർ നമ്പർ ക്രമത്തിൽ ചേർത്ത് ഫയൽ ചെയ്തു സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

(സി) കാഷ് ബുക്ക് എൻട്രികൾ എല്ലാം CDS പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുകയും, ചാർജ് ഓഫീസർ പ്രതിമാസം സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും റീകൺസിലിയേഷൻ കാഷ് ബുക്കിൽ പ്രത്യേകമായി എഴുതിത്തയ്യാറാക്കേണ്ടതുമാണ്.

(അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 നുള്ള മറുപടിയിൽ , അവ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്)

## 3-12 ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന ക്രമം പാലിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങൽ ' എന്ന

പദ്ധതി (98/2017-18)പ്രകാരം വികസന ഫണ്ടിൽ നിന്ന് 2,25,000 രൂപ ചെലവഴിച്ച് (ബിൽ നം- 15 /31.3.2018) മൂന്ന് ഗുണഭോക്താക്കൾക്ക് മുച്ചക്ര വാഹനം വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിക്കുള്ള ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന ക്രമം പാലിച്ചിട്ടില്ല. ലിസ്റ്റിലെ ആദ്യത്തെ ഗുണഭോക്താക്കൾക്ക് വാഹനം അനുവദിക്കാതിരുന്നതിന് കാരണം കാണിക്കുകയോ പ്രസ്തുത ഗുണഭോക്താക്കളുടെ സമ്മതപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 6 /4.10.2018)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-13 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ നിരക്കിൽ നൽകിയില്ല

പ്രൊജക്ട് – ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നം. S027/18

അടങ്കൽ - 13,00,000

ബിൽ നം. 9/23-01-2018 : 10,05,000

ചെക്ക നം.5805282/28-03-2018 : 2,10,000

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റിൻ കീഴിൽ ഭിന്നശേഷിയുള്ള 61 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 10,94,800 രൂപ ചെലവഴിച്ചിട്ടുണ്ട്. 61ൽ 43 പേർ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളാണ്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 80/2017/തസ്വഭവ/03-04-2017 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക താഴെക്കൊടുക്കുന്നു.

| ഇനം | സ്കോളർഷിപ്പ്/ബത്ത | |
|---|---|---|
| | പ്രതിമാസം | വാർഷികം |
| സ്കോളർഷിപ്പ് | 1000 | 12,000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത | - | 1,500 |
| പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത | - | 2,000 |
| ഡേ സ്കോളർക്ക് യാത്രാബത്ത | 1000 | 10,000 |
| ഉല്ലാസ യാത്രാചെലവുകൾ | - | 1000 |
| ആകെ | | 26,500 |

22,000 രൂപ വീതമാണ് മാനസിക വെല്ലുവിളികൾ നേരിടുന്ന 43വിദ്യാർത്ഥികൾക്കും നൽകിയിട്ടുള്ളത്.

| നൽകിയ തുക | നൽകേണ്ട തുക | കുറവ് |
|---|---|---|

| | | |
|---|---|---|
| 22,000 X 43 =9,46,000 | 26,5000 X 43 = 11,39,500 | 1,93,500 |

എന്നാൽ, ഈ പ്രൊജക്ടിനായി പിൻവലിച്ച 10,05,000യിൽ 1,20,200 രൂപ 22-02-2018ൽ തിരിച്ചടവാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് നൽകാതെ പിൻവലിച്ച തുക തിരിച്ചടവാക്കിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-14 ഫുഡ് ടെസ്റ്റ്- ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

പ്രോജക്ട് : അങ്കൺവാടി അനുപൂരക പോഷകാഹാരം

നം. : S028/2018

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

മേൽ പ്രോജക്ടിൻെറ നടത്തിപ്പിനായി 'നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് ', മൊറയൂരിൽ നിന്നും 10,003.5kg അമൃതം ന്യൂട്രിമിക്സ് ഫൂഡ് സപ്ലിമെന്റ് വാങ്ങിയതിന് ട്രാൻസ്പോർട്ട് ചാർജ് ഉൾപ്പെടെ മൊത്തം 7,13,468/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3 - 312/2010,18.12.2010 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയത് പരിശോധനയ്ക്ക് അയച്ച് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല

അമൃതം ന്യൂട്രിമിക്സ് ഫൂഡ് സപ്ലിമെന്റ് വാങ്ങിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു :

| ക്രമ നം | ബിൽ നം | കി.ഗ്രാം | വില |
|---|---|---|---|
| 1 | 35/02-05-17 | 1080 | 76,140 |
| 2 | 43/13-06-17 | 1026 | 72,333 |
| 3 | 201/29-06-17 | 1026 | 72,333 |
| 4 | 220/11-09-17 | 1012.5 | 71,381 |
| 5 | 224/11-10-17 | 1093.5 | 77,092 |
| 6 | 228/02-11-17 | 1188 | 83,754 |
| 7 | 239/12-12-17 | 1228.5 | 86,609 |
| 8 | 02/14-02-18 | 1161 | 85,914 |
| 9 | 03/14-02-18 | 1188 | 87,912 |
| ആകെ | | 10,003.5 | 7,13,468 |

ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-15 ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

2017-18 വർഷത്തിൽ,സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം,യാത്രാബത്ത,അലവൻസ് എന്നിവ (2016സെപ്റ്റംബർ മുതൽ 2017 മാർച്ച് വരെ) അനുവദിച്ചിട്ടുണ്ട്.സാക്ഷരതാ ഫണ്ട് ലഭ്യമല്ലാത്തതിനാലും,ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കാമെന്ന വ്യവസ്ഥയിലുമാണ്, തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്.വിശദവിവരം താഴെ ചേർക്കുന്നു :

| പേര് | ഇനം | വൗച്ചർ നം.തീയതി | തുക |
|---|---|---|---|
| ശ്രീമതി സുജിത ടി.പി.,പ്രേരക്, മുക്കിലപ്പീടിക തുടർ വിദ്യാകേന്ദ്രം | ഹോണറേറിയം, യാത്രാബത്ത, സ്പെഷൽ അലവൻസ് | 21700041/22-04-17 | 47,119 |

തുക ക്രമീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 6,73,710 | സമഗ്ര നെൽകൃഷി വികസനം 37/18 | 6,73,710 | 0 |
| | 110000 | 0 | GLPS അത്തിപ്പറ്റ- സാനിട്ടറി യൂണിറ്റ് നിർമ്മാണം (151/18) | 0 | 110000 |
| | 0 | 4,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 226/18 | 4,00,000 | 0 |
| | 0 | 6,50,000 | മനക്കൽപടി അങ്കണവാടി നിർമ്മാണം 252/18 | 0 | 6,50,000 |
| | 12450 | 0 | പാലിയേറ്റീവ് പരിചരണം | 0 | 12450 |

| | | | | | |
|---|---|---|---|---|---|
| | 3,00,000 | 0 | ഗവ.ആയുർവ്വേദ ഡിസ്പൻസറിക്ക് സാനിറ്ററി യൂനിറ്റ് 143/18 | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | | 2,50,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 27/18 | 2,10,000 | 40,000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | ബിൽ/വൗച്ചർ നം. | പ്രവൃത്തി | തുക | നിക്ഷേപം സ്വീകരിച്ച സ്ഥാപനം |
|---|---|---|---|---|
| 1. | ബിൽ നം. 15/26.10.17 | പൂവ്വത്തും തറ അംഗനവാടി നിർമ്മാണം (256/18) | 5,00,000 | തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ, തിരുവനന്തപുരം (A/c No. 799011400000486 ജില്ലാ ട്രഷറി, തിരുവനന്തപുരം |
| | " 16/26.10.17 | പി.പി.പടി അംഗനവാടി നിർമ്മാണം (257/18) | 5,00,000 | -ടി- |
| | " 18/28.11.17 | അധികാരിതൊടി അംഗനവാടി നിർമ്മാണം (261/18) | 5,00,000 | -ടി- |
| | " 14/26.10.17 വൗച്ചർ നം. 21700509/ 23.10.17 | ചീനിച്ചോട് അംഗനവാടി നിർമ്മാണം (262/18) | 3,78,000 1,22,000 | -ടി- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാധാ) നം.953/2010 | 41,27,500 | 3,84,415 | 3,84,415 | - | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ വ്യക്തി | രശീതി നം |
|---|---|---|---|---|
| 2016-17 | 2(5) | 2800 | സെക്രട്ടറി, വടക്കുംപുറം, SCB | 117130104232/15-12-17 |
| | | 2800 | പ്രിൻസിപ്പൽ, സഫ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 117130104334/18-1217 |
| | | 2800 | പ്രിൻസിപ്പൽ, ഡെൽഹി ഇൻറർനാഷണൽ സ്കൂൾ | 117130104583/26-12-17 |
| ആകെ | | 8400 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

എടയൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1997-98<br>36,37 | 2003-04<br>30 | കോഴി വളർത്തൽ, കോഴിക്കുട് വിതരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99<br>44,46 | 2003-04<br>30 | എസ്റ്റിമേറ്റ് തയ്യാറാക്കൽ, അധിക തുക നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-00<br>39,49,50 | 2003-04<br>30 | ജലസേചനം- കൺവീനർക്ക് അധിക തുക നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | |
|---|---|---|---|
| | | | |
| 2000-01<br>28 | 2003-04<br>30 | കുഴൽക്കിണർ- ഉപയോഗിക്കാത്ത സാധനം തിരിച്ച് നൽകിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2001-02<br>3(2),3(3),3(7) | 2004-05<br>3(7) | പദ്ധതികൾ ലക്ഷ്യം നേടിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2006-07<br>3(4) | 2009-10<br>3(4) | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ- പൂർത്തീകരണ വിവരമില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 36 | ഡോ. കെ.ജി.രാജു, വെറ്റി. സർജൻ | Lf 2717 /sp cell/ sc5/04/dtd 5-9-05 | 67,500 | 0 | 0 | 0 | 0 | 0 | 67,500 | OP 19/15 (IA 96/15) |
| 2 | 1998-99 | 42 | ഐ.വി. രാജഗോപാലൻ, അസി. എഞ്ചിനിയർ | Lf 2731 /sp cell/ sc5/04/dtd 26-2-05 | 55,723 | | | 55,723 | | | 55,723 | OP 91/05, Dist Court , Manjeri |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,35,11,000 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,51,82,005 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15,98,415 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6,39,900 | ഡോ. അലി. എം.പി, മെഡിക്കൽ ഓഫീസർ ,(PHC) |
| 3-9 | 2,64,100 | ശ്രീ. പി. വിനോദ്കുമാർ, സെക്രട്ടറി. |
| 3-10 | 6,94,415 | ശ്രീ. പി. വിനോദ്കുമാർ, സെക്രട്ടറി. |
| ആകെ | 15,98,415 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അലി. എം.പി, മെഡിക്കൽ ഓഫീസർ ,(PHC) | PHC എടയൂർ, വടക്കുംപുറം പി.ഒ | മണലിൽ, പുറത്തൂർ പി.ഒ, മലപ്പുറം ജില്ല. |

| | | |
|---|---|---|
| ശ്രീ.പി. വിനോദ് കുമാർ,<br>സെക്രട്ടറി. | സെക്രട്ടറി,<br>എടയൂർ<br>ഗ്രാമപഞ്ചായത്ത് | പൂമംഗലം,<br>പരിയാപുരം, ളുത പി.ഒ,<br>ആനമങ്ങാട്, മലപ്പുറം ജില്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFM11/1155/01 dt. 01.12.2010 | 2 |
| 1998-99 | LFM11/1422/01 dt.01.12.2000 | 12 |
| 1999-00 | LFM11/1421/01 dt. 01.12.2000 | 11 |
| 2000-01 | LFM11/435/03 dt. 01.12.2010 | 02 |
| 2001-02 | LFM12/1269/04 dt. 01.12.2010 | 14 |
| 2002-03 | LFM12/1865/04 dt. 01.12.2010 | 11 |
| 2003-04 | LFM13/177/493/10 dt. 21.01.2012 | 19 |
| 2004-05 | LFM11/177/494/10 dt. 22.05.2012 | 16 |
| 2005-06 | LFM09/1153/09 dt. 22.05.2012 | 07 |
| 2006-07 | LFM09/932/09 dt. 17.02.2010 | 04 |
| 2007-08 | LFM09/1154/09 dt. 19.02.2010 | 10 |

| | | |
|---|---|---|
| 2008-09<br>to 10-11 | LFM13/1933/12 dt. 23.08.2012 | 13 |
| 20011-12to12-13 | KSA/MPM/13/3095/ dt. 1.2.16 | - |
| 2013-14<br>to14-15 | KSA/MPM/13/2098/ dt. 8.8.16 | 25 |
| 2015-16 | KSA/MPM/ | 22 |
| 2016-17 | KSA/MPM/M13/2001/17/ 24-10-2017 | 32 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**5**

## അനുബന്ധം-1

കെ എസ് എ എം പി എം.13/1273/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ:dompm.ksad@kerala.gov.in

തീയ്യതി 03-08-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ

അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്